# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 5743.

27..10..2011-ൽ മറുപടിക്ക്

## ക്ഷീരകർഷകരുടെ ആവശ്യങ്ങൾ

**ചോദ്യം**

**ശ്രീ. പി. സി. ജോർജ്,**
**ശ്രീ. റോഷി അഗസ്റ്റിൻ,**
**ശ്രീ. തോമസ് ഉണ്ണിയാടൻ:**

(എ) പാലിന്റെ സ്വയംപര്യാപ്തതയ്ക്ക് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീരകർഷകർക്ക് ആദായകരമായ നിലയിൽ കന്നുകാലികളെ വളർത്തുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷീരകർഷകരുടെ പെൻഷൻ ആയിരം രൂപയായി ഉയർത്തുന്നതിന് നടപടികൾ ഉണ്ടാകുമോ?

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) പാലിന്റെ സ്വയം പര്യാപ്തതയ്ക്ക് ക്ഷീര വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ, പാലിന്റെ ഗുണമേന്മാ പരിശോധന, ക്ഷീരസംഘങ്ങൾക്കുള്ള ധന സഹായം, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ ക്ഷീരകർഷക പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കൂടുതൽ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുവാൻ ഈ വർഷം പദ്ധതികൾ നടപ്പാക്കി വരുന്നു. കാലിത്തീറ്റ സബ്സിഡി നൽകുവാൻ 3 കോടി രൂപ അധികമായി ചെലവഴിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.യിൽ ഉൾപ്പെടുത്തി കാലിത്തീറ്റ സബ്സിഡി പദ്ധതിയും പരിഗണിക്കുന്നുണ്ട്.

(സി) നിലവിൽ ക്ഷീരകർഷക ക്ഷേമനിധി വഴി നൽകിവരുന്ന ക്ഷീരകർഷക പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ.**